# Doodle



little KITEs GHS NETTAYAM

# Doodle

Digital Magazine from Little Kites IT Club GHS Nettayam
2019

# Doodle

## എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | സിന്ധു ജി (ഹെഡ്മിസ്ട്രസ്) |
| സ്റ്റാഫ് എഡിറ്റേഴ്സ് | : | ബിനു ഡി |
| | | കൽപന എം എസ് (കൈറ്റ് മാസ്റ്റേഴ്സ്) |
| സ്റ്റുഡന്റ് എഡിറ്റർ | : | ആദിത്യ എസ് ഡി |
| സബ് എഡിറ്റേഴ്സ് | : | അജേഷ് ജയചന്ദ്രൻ |
| | : | അഭിജിത് ആർ |
| | : | അനശ്രീ എ |
| | : | ലക്ഷ്മി എ |
| | : | ശ്രീലക്ഷ്മി ബി റ്റി |
| കവർ ഡിസൈനിംഗ് | : | ബാലു ബി |

## ആമുഖം

ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബിന്റെ ആഭിമുഖ്യത്തിൽ 2018-19 അധ്യയനവർഷത്തെ ഡിജിറ്റൽ മാഗസിൻ എന്ന നൂതന ആശയത്തെ "ഡൂഡിൽ "എന്ന പേരിൽ യാഥാർത്ഥ്യമാക്കുകയാണ് നെട്ടയം ഗവഃ ഹൈസ്കൂളിലെ വിദ്യാർത്ഥികൾ. വിദ്യാർത്ഥികളുടെ സർഗ്ഗാത്മക സൃഷ്ടികളെ പരിപോഷിപ്പിക്കുന്നതിനും വളർന്നുവരുന്ന തലമുറകൾക്ക് കമ്പ്യൂട്ടർ രംഗത്തെ അനന്ത സാധ്യതകളെ പരിചയപ്പെടുത്താനും ഇതിലൂടെ കഴിയും. നമ്മുടെ പൂർവ്വികർ ഗുഹകളുടെ ചുമരുകളിൽ നിന്നും തുടങ്ങിയ വരമൊഴിയുടെ യാത്ര ഓലകളും കടലാസും കടന്ന് ഡിജിറ്റൽ യുഗത്തിൽ എത്തിനിൽക്കുന്നു. വിവരവിനിമയ സാങ്കേതികവിദ്യയുടെ ഉപയോഗം സാമൂഹികജീവിതത്തിന്റെ സമസ്ത മേഖലകളിലും വ്യാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ വിദ്യാർത്ഥികളുടെ ഈ ഡിജിറ്റൽ മാഗസിൻ പുത്തൻ തലമുറയ്ക്ക് പ്രചോദനമായി മാറട്ടെ.അറിവും ഭാവനയും കൈകോർക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ വിദ്യാർത്ഥികളുടെ ശ്രമഫലമായി നിങ്ങൾക്കു മുൻപിൽ എത്തുകയാണ്.

# ഉള്ളടക്കം

എന്റെ ബാല്യം......6
പൂന്തോട്ടം......7
ചിഞ്ചുക്കുറുക്കനും പൂച്ചക്കുട്ടികളും......8
എന്റെ നാട്......9
വേദനകൾ......10
വീണ്ടെടുക്കാം മലയാളനാടിനെ......11
കാത്തു നിന്ന ദൈവം......12
കത്ത്......13
കണ്ണീർമഴ പെയ്ത രാവ്......16
വിദ്യാർത്ഥി ജിവിതം......17
കണ്ണുനീർ......19
മഴ......20
ഓർമകൾ......21
ഓണവസന്തം......22
ആത്മ നൊമ്പരം......23
കഥയുടെ കഥ......24
കൊയ്ത്ത്......26
സൗഹൃദം......27
CHILDHOOD, THE SWEETEST SLICE OF LIFE......28
FRIENDS......30
BOOKS......31
LOVELY MOM......32
MY FRIEND......33
THE MOON......34
TOP 10 LONGEST RAIL TUNNELS......38
I WISH TO FLY......39
WATER-FOR THE PRESENT AND THE FUTURE......40
RIDDLES......41

## എന്റെ ബാല്യം

മണ്ണിന്റെ മണമുള്ള ബാല്യകാലം
മണ്ണപ്പം ചുട്ടുകളിച്ചകാലം
കുസൃതിക്കുറുമ്പും കളിചിരിയും
കഥകളും മൊട്ടിട്ട ബാല്യകാലം

വിണ്ണിലേക്കൊന്നു പറന്നീടുവാൻ
വെൺതിങ്കൾക്കലയൊന്നെടുത്തീടുവാൻ
കേണനടന്നൊരാബാല്യകാലം
കേളീഭരിതമെൻ ബാല്യകാലം

പതിരറിയാത്തൊരാ ബാല്യകാലം
പഴമവിളങ്ങുന്ന ബാല്യകാലം
തുമ്പിയെ കല്ലെടുപ്പിച്ചകാലം
തുമ്പപ്പൂ തേടി നടന്നകാലം

അമ്മപറഞ്ഞൊരാ കുമ്മാട്ടിഭൂതത്തെ
അറിയാതെ മാമുണ്ട ബാല്യകാലം
കാക്കയും പൂച്ചയും ചൊന്നകാലം
കിന്നാരം ചൊല്ലി നടന്നകാലം

കുഞ്ഞിക്കുടയും സഞ്ചിയുമായ്
വിദ്യാലയപ്പടി നടന്നകാലം
അമ്മതൻവാത്സല്യമറിഞ്ഞകാലം
അച്ഛന്റെ ആരോമലായകാലം



ഓർമ്മതൻ താളിലെ വിസ്മയമായ്
ഓടിക്കളിക്കുന്ന ബാല്യകാലം
മറവിതൻ മാറാല മായ്ക്കുകില്ല
ഓർമ്മതൻ താളിലെ വിസ്മയത്തെ

***ആദിത്യ. എസ്.ഡി, 9B***

## പൂന്തോട്ടം

എനിക്കുമുണ്ടൊരു പൂന്തോട്ടം

വീടിൻമുന്നിലെ പൂന്തോട്ടം

പലപലചെടികൾ നിറഞ്ഞുനിൽക്കും

എത്രസുന്ദരമെൻ  പൂന്തോട്ടം!

പൂക്കൾ നിറഞ്ഞൊരു പൂന്തോട്ടത്തിൽ

പൂന്തേനുണ്ണാൻ വിരുന്നുവന്നു

പലപലനിറമാം പൂമ്പാറ്റ



***ശീതൾ ബി എസ്, 9B***

# ചിഞ്ചുക്കുറുക്കനും പൂച്ചക്കുട്ടികളും

ഒരിടത്ത് രണ്ട് പൂച്ചക്കുട്ടികളുണ്ടായിരുന്നു-വണ്ടനും മണിയനും. ഒരിക്കൽ അവർ രണ്ടുപേരുംകൂടി നെയ്യപ്പം വാങ്ങാൻ പുറപ്പെട്ടു.നടന്ന് നടന്ന് അവർ ഒരു കാടിന്റെ അരികിലെത്തി.അപ്പോഴതാ കാട്ടിലെ തെമ്മാടിയായ ചിഞ്ചുക്കുറുക്കൻ ആർത്തിയോടെ ഒറ്റച്ചാട്ടം.ചിഞ്ചുക്കുറുക്കനെക്കണ്ട് വണ്ടനും മണിയനും പേടിച്ചുവിറച്ചു.അവർ പ്രാണൻ രക്ഷിക്കാനായി ഒരു മരത്തിന്റെ മുകളിൽ കയറി.അപ്പോൾ കുറുക്കൻ പറഞ്ഞു,"രക്ഷപ്പെടാമെന്ന് കരുതണ്ട.നിങ്ങളെ എന്റെ ആഹാരമാക്കിയശേഷമേ ഞാൻ പോവുകയുള്ളൂ."കുറുക്കൻ മരച്ചുവട്ടിൽ കാത്തിരുന്നു.ഇനി എന്തു ചെയ്യണമെന്നറിയാതെ അവർ വിഷമിച്ചുനിന്നു.അപ്പോഴാണ് മണിയൻ ഒരു കാര്യമോർത്തത്.കുറുക്കന് വയറൻകടുവയെ ഭയമാണ്. അപ്പോൾ മണിയനൊരു സൂത്രം തോന്നി.അവനുറക്കെ വിളിച്ചുപറഞ്ഞു"വയറൻ കടുവ വരുന്നേ,വയറൻ കടുവ വരുന്നേ".ഇതു കേട്ടപ്പോൾ തന്നെ കുറുക്കൻ വാലും ചുരുട്ടിക്കൊണ്ട് ഒറ്റയോട്ടം.അവന്റെ ഓട്ടം കണ്ട് മണിയനും വണ്ടനും ഉറക്കെ കൈകൊട്ടിച്ചിരിച്ചു.അവർ നെയ്യപ്പവും വാങ്ങി തിരികെ മടങ്ങി.



**ബിന്നിമോൾ ബി, 9B**

# എന്റെ നാട്

കേരവൃക്ഷങ്ങൾ നിറഞ്ഞ നാട്
കളരിപ്പയറ്റ് പിറന്ന നാട്
പച്ചപ്പാട്ട് വിരിച്ച നാട്
നമ്മെളെല്ലാവരും ജനിച്ച നാട്

കഥകളിരൂപം കൊണ്ട നാട്
സ്നേഹം നിറഞ്ഞ നമ്മുടെ നാട്
കണികൊന്ന പൂക്കുന്ന പൊന്നു നാട്
മലകൾ മാടിവിളിക്കും നാട്

പുഴകൾ പുഞ്ചിരിളുകും നാട്
കൊട്ടും പാട്ടും നിറഞ്ഞ നാട്
കൊതിയൂറും ഓണസദ്യ
മാനം മുട്ടേ ഒയരും നാട്

പുല്ലും പൂക്കളും നിറഞ്ഞ നാട്
തേൻ നുകരാൻ തുമ്പി വന്നു
പൂക്കൾ നിറഞ്ഞ നമ്മുടെ നാട്
എല്ലായിപ്പോഴും ളുമ നിറയും

ദൈവങ്ങളെല്ലാം അനുഗ്രഹിച്ച നാട്
എപ്പോഴും നന്മ നിറഞ്ഞ നാട്
മാവേലിത്തമ്പുരാൻ വാണ നാട്
മലയാളഭാഷതൻ പുണ്യ നാട്



**നിവേദ്യ.എസ്സ്.രാജീവ്, 4A**

## വേദനകൾ

മനസ്സിന്റെ ഉള്ളിലെ കോണിലെന്നും
തങ്ങിനിൽക്കുന്ന ആ വേദനകൾ
ആത്മാവിലായ് അലിഞ്ഞുചേരുന്ന
വേർപിരിയാത്ത ആ വേദനകൾ

ജീവിതയാത്രയിൽ എന്നോടൊപ്പം
എന്നും നിലനിന്ന വേദനകൾ
മറക്കാൻ ശ്രമിച്ചിട്ടും മാഞ്ഞുപോകാത്ത
മനസ്സിന്റെ ഭാരമാ വേദനകൾ

ഭാരമാം വേദന എന്റെ മനസ്സിന്റെ
വർണ്ണ പ്രകാശം തകർത്തിരുന്നു
ഇനിയുള്ളകാലം കാത്തിരിക്കുന്നു ഞാൻ
ആനന്ദസംഗീതം നുണയുവാനായി.



***ആദിത്യ.എസ്.നായർ, 9B***

# വീണ്ടെടുക്കാം മലയാളനാടിനെ

കേരളം അത്ഭുതപൂർണ്ണമായ പ്രകൃതിഭംഗിയുടെ വിളനിലമായ് മാറിയത് നമ്മുടെ പൂർവ്വികന്മാരുടെ കാലത്താണ്. മണ്ണും കൃഷിയും ജീവിതമായി കണ്ട അവരുടെ സ്വപ്നങ്ങളും പ്രയത്നങ്ങളും ഗ്രാമത്തിന്റെ തനിമയ്ക്കും പഴമയ്ക്കും അപ്പുറം പോയില്ല. ഭൂമിയെ ദേവി ആയി കണ്ട അവർ മണ്ണിൽ പൊന്നു വിളയിച്ചു. അവർ മണ്ണിനെ സ്നേഹിച്ചു പ്രകൃതിയെ സംരക്ഷിച്ചു. കേരളത്തിന്റെ തനതായ കാർഷികസംസ്കാരത്തിന്റെ വക്താക്കളായിരുന്നു അവർ. വയലേലകളും,തണ്ണീര്ത്തടങ്ങളും, കുന്നുകളും, കൊച്ചുകൈത്തോടുകളും, കാടുകളും, തണലേകിയ തരുക്കളും, പൂമണം നിറയ്ക്കുന്ന വാടികളും എല്ലാം നിറഞ്ഞതാണ് നമ്മുടെ പ്രകൃതി. ദൈവത്തിന്റെ തൂലിക പതിഞ്ഞതുപോലെ മനോഹരമായ നമ്മുടെ കേരളം ദൈവത്തിന്റെ സ്വന്തം നാടായിരുന്നു. പ്രകൃതിയെ സ്നേഹിച്ച മനുഷ്യരെ പ്രകൃതിയും സ്നേഹിച്ചു. മിതമായ കാലാവസ്ഥയും കേരളത്തിന്റെ പ്രത്യേകതയായിരുന്നു.

കുടിലിൽ നിന്നും കോൺക്രീറ്റ് കെട്ടിടങ്ങളിലേക്ക് മലയാളിയുടെ സ്വപ്നം മാറിയപ്പോൾ, ജന്മനാടിന്റെ വിശുദ്ധിയിൽ നിന്നും നഗരവത്കൃതലോകത്തിന്റെ കൃത്രിമാഹ്ലാദം നമ്മെ ആകർഷിച്ചു. വിദേശത്ത് പോകുന്നത് മലയാളിയുടെ മുഖമുദ്രയായ് മാറി. പുതുമകൾ തേടിയ മലയാളി പഴമകൾ മറന്നു. പിന്നീട് അവരുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും പരിതിവിട്ടു. പണത്തിനു പിറകെ പാഞ്ഞ അവർ നമ്മുടെ പ്രകൃതി ഇല്ലാതാക്കി. വയലുകളും കുന്നുകളും എല്ലാം ഇല്ലാതാക്കി കോൺക്രീട്ടു സൗധങ്ങളും ഫ്ലാറ്റുകളും നിർമ്മിച്ചു. അനേകം ജീവികൾക്ക് അവയുടെ ആവാസകേന്ദ്രം ഇല്ലാതായി. ഫാക്ടറികളും വ്യവസായസ്ഥാപനങ്ങളും കുന്നുകൂടി, തണ്ണീർത്തടങ്ങൾ മലിനമാക്കി, വാഹനങ്ങളുടെ മലിനീകരണവും എല്ലാം നമ്മുടെ മണ്ണും, വായുവും, ജലവും അശുദ്ധമാക്കി. ആവാസവ്യവസ്ഥയുടെ ഒരു കണ്ണി മാത്രമാണ് നാമെന്നും, മറ്റു ജീവജാലങ്ങളുടെ നഷ്ടം നമ്മുടെ നിലനിൽപ്പിന് ഭീഷണിയാകുമെന്നും അവർ ചിന്തിച്ചില്ല. വേരുകൾ നഷ്ടപ്പെട്ട മലയാളികൾ പണത്തിനുവേണ്ടി നമ്മുടെ പ്രകൃതിയെ ഇല്ലാതാക്കി. പണവും സ്വത്തും ഭ്രമമായപ്പോൾ 'അമ്മ' എന്ന പരമാർത്ഥത്തിന്റെ മൂല്യം അവൻ മറന്നു. സന്തുലനം നഷ്ടപ്പെട്ട പ്രകൃതിയുടെ മറുപടി ഒടുവിൽ 'ഓഖി'യായും കേരളജനതയെ ഒന്നാകെ നടുക്കിയ പ്രളയമായും വന്നു. അവരെ പ്രകൃതിക്ഷോഭങ്ങളിൽ നിന്നും രക്ഷിക്കാൻ സ്വയം കെട്ടിപ്പടുത്ത മണിമാളികകൾക്കോ, വാഹനങ്ങൾക്കോ ആയില്ല അവർക്ക് വെറുപ്പായിരുന്ന മത്സ്യത്തൊഴിലാളികൾക്കും അവരുടെ കൊച്ചുവള്ളങ്ങൾക്കുമേ കഴിഞ്ഞുള്ളൂ. മതവും ജാതിയും തീർത്ത മതിൽക്കെട്ടുകൾ അരങ്ങുവാണ സമയത്ത് ആ പ്രളയത്തിൽ എല്ലാവരും ഒന്നിച്ച് ഒരു കൂരയിൽ ഒത്തൊരുമയോടെ ജീവിച്ചു.

വികസനവും മാറ്റങ്ങളും ഏതൊരു ജനതയ്ക്കും മുതൽക്കൂട്ടാണ്. എന്നാൽ അത് പ്രകൃതിക്ക് ദോഷമാകരുത്. വേരുറപ്പിച്ച് നിന്നേ ആകാശം ലക്ഷ്യമാക്കാനാകൂ. പ്രകൃതിയെ സ്നേഹിച്ചാൽ വീണ്ടെടുക്കാം നമുക്ക് നമ്മുടെ മലയാളനാടിനെ തനിമയുടെയും തെളിമയുടെയും വിളനിലമാക്കാനാകൂ.



**ആദിത്യ എസ്. ഡി, 9B**

# കാത്തു നിന്ന ദൈവം

അച്ഛനമ്മമാർക്ക് നമ്മളോട് സ്നേഹമില്ലയെന്ന് പലപ്പോഴും ചില കുട്ടികൾ ചിന്തിച്ച് പോകാറുണ്ട്. യഥാർത്ഥ സ്നേഹത്തെക്കുറിച്ചുള്ള അറിവില്ലായ്മ ആണത്. സ്നേഹം വെറും ലാളനയല്ല. നമ്മുടെ ഇഷ്ടങ്ങൾക്കൊത്ത് നിന്നു തരുന്നതുമല്ല.മൊബൈൽ ഫോണും,കമ്പ്യൂട്ടറുമെല്ലാം നമുക്ക് ആവശ്യം ഇല്ലാത്ത സമയത്ത് വാങ്ങിത്തരുന്നതുമല്ല.പക്വതയില്ലാത്തസമയത്ത് ഒരു കമ്പ്യൂട്ടർ വാങ്ങി സ്വന്തം മകനു സമ്മാനിച്ചതിന്റെ പേരിൽ ഒരു പിതാവിനു വന്നുഭവിച്ച ദുഃഖത്തെക്കുറിച്ച് പ്രശസ്ത കലാകാരൻ സൂര്യകൃഷ്ണമൂർത്തി അടുത്ത കാലത്ത് ഒരു ആനുകാലികത്തിൽ വിവരിച്ചത് ഇങ്ങനെയാണ്.

അച്ഛന്റെ മരണശേഷം സൂര്യകൃഷ്ണമൂർത്തിയുടെ അമ്മ ഒരു വിഷാദരോഗിയെപ്പോലെയായിത്തീർന്നിരുന്നു. അതുവരെ ഉണ്ടായിരുന്ന പതിവ് തമാശകളില്ല,ചിരിയില്ല,ഒന്നിലും സന്തോഷമില്ല,എപ്പോഴും മൗനം മാത്രം.ഈ അവസ്ഥയിൽ നിന്നും മാറ്റം വരുവാൻ പല ശ്രമങ്ങൾ നടത്തിയിട്ടും യാതൊരു പ്രയോജനവുമില്ല.മാസങ്ങൾ തന്നെ ഈ അവസ്ഥയിൽ തുടർന്നു.ഈ അവസ്ഥയ്ക്കൊരു മാറ്റമുണ്ടാകുന്നത് അയാളുടെ പേരക്കുട്ടിയിലൂടെയാണ്.

അവന്റെ കളികളും ചിരികളും അമ്മയുടെ മനസ്സിന്റെ ശ്രദ്ധതിരിച്ചു.അവനോടൊപ്പം കളിക്കാനും അവനുവേണ്ടി ആനയായി മുട്ടുകളിക്കാനും വേണ്ടി അവർ അവരുടെ സമയം വിനിയോഗിച്ചു.അവന്റെ വളർച്ചയ്ക്കൊപ്പം അമ്മയും മാറിത്തുടങ്ങി.സാഹചര്യങ്ങളോട് പൊരുത്തപ്പെടാൻ മനുഷ്യനോളം കഴിവ് മറ്റൊരു ജീവജാലങ്ങൾക്കുമില്ല.



***ഹൃദ്യ 6A***

# കത്ത്

അഞ്ചൽ,
20-12-2018

പ്രിയപ്പെട്ട അമ്മേ, മാതൃഭൂമി, വന്ദനം

വെറുതെയൊന്ന് ചോദിച്ചോട്ടെ അമ്മ സുഖമായിരിക്കുന്നുവോ? അമ്മയുടെ ചന്ദനം മണക്കുന്ന അമ്മിഞ്ഞപ്പാലിന്റെ രുചി ഇന്നെന്റെ നഷ്ട സ്വപ്നങ്ങളാണ്. അമ്മയുടെ താരാട്ടുപാട്ടും മഴയുടെ സംഗീതം സുന്ദരമായ മുഖവും പ്രകൃതി രമണീയത തഴുകലും ഇളംകാറ്റ് എല്ലാം ഇന്നെന്റെ തീരാനൊമ്പരങ്ങളിൽ ചിലത് മാത്രം. അമ്മ മൂകയായിരിക്കുന്നതും നിശബ്ദം കരയുന്നതും ഞാനറിയുന്നു. എനിക്കുമുണ്ടമ്മേ ആകുലതകളും വേദനകളും. ഞാനൊന്ന് ചോദിച്ചുകൊള്ളട്ടേ? ഞാനിനി ഇവിടെ എങ്ങനെയാണ് സ്വസ്ഥമായി ജീവിക്കുന്നത്? എങ്ങനെ?അമ്മയുടെ ഉദരത്തിൽ എന്നോടൊപ്പം ജനിച്ച എന്റെ സഹോദരന്മാർ എന്നെ പിച്ചിചീന്തുകയാണ്. എനിക്ക് എന്നോട് തന്നെ ലജ്ജതോന്നിപ്പിക്കുവാൻ അവർ ഇടയാക്കുകയാണ്. സ്വന്തം സഹോദരികളെ അവർ പീഡനത്തിനും മാനഭംഗത്തിനും ഇരയാക്കി കൊലപ്പെടുത്തുകയാണ്. എന്തു പറ്റി അമ്മേ ഇവർക്ക്? അമ്മ പകർന്നുനൽകിയ സംസ്കാരും അറിവും ബുദ്ധിയും ചിന്താശക്തിയും എല്ലാം എവിടെ? മണ്ണടിഞ്ഞുപോയോ?ജാതിയുടെയും മതത്തിന്റെയും സ്വത്തിന്റെയും അന്ധവിശ്വാസത്തിന്റെയും പേരിൽ സഹോദരങ്ങൾ തമ്മിൽത്തല്ലിക്കീറുന്നു. അങ്ങനെ അവരുടെ ദുഷ്കർമ്മങ്ങൾ ഏവരെയും ശാരീരികവും മാനസികവുമായ വേദന നൽകുന്നു. എന്നിട്ട് പോലും അവർ നേർമാർഗം സ്വീകരിക്കുന്നില്ല. എവിടെപ്പോയി മറഞ്ഞമ്മേ അമ്മ പഠിപ്പിച്ച ആർഷ ഭാരത സംസ്കാരം? എന്താണമ്മേ നമ്മൾ ഡൽഹിയിലും ഉത്തർപ്രദേശിലും ബാംഗ്ലൂരിലും കണ്ടത്. എന്തിനേറെ ദൈവത്തിന്റെ സ്വന്തം നാട് എന്ന പേരുകേട്ട നമ്മുടെ കൊച്ചു കേരളത്തിൽപ്പോലും നടന്നത്?
നടന്നുകൊണ്ടിരിക്കുന്നത്?എന്തുവിധിയാണമ്മേ ഇത്? ഞാനും എന്റെ സഹോദരിമാരും ഇവിടെ എങ്ങനെ സ്വസ്ഥമായി ജീവിക്കും, ഒന്നുറങ്ങും? എന്താണമ്മേ ഒരു പ്രതിവിധി? ഓ! എന്റെ അമ്മ കരയുന്നു, എന്തെല്ലാം വേദനകളും യാതനകളുമാണ് എന്റെ അമ്മ അനുഭവിച്ചത്, അനുഭവിച്ചുകൊണ്ടിരിക്കുന്നത്. എന്തിനേറെ അമ്മ സമ്പന്നയായിരുന്ന കാലത്ത് തോക്കും പീരങ്കിയുമായി വിദേശശക്തികൾ അമ്മയെ കീഴടക്കാൻ ശ്രമിച്ചിരിന്നപ്പോൾ പോലും ചെറുത്തു

നിൽക്കാൻ കഴിഞ്ഞ എന്റെ അമ്മ അമ്മയുടെ മക്കളുടെ ക്രൂരതയ്ക്കു മുന്നിൽ പകച്ചുപോവുകയാണല്ലേ? അമ്മയുടെ അമ്മിഞ്ഞപ്പാൽ കുടിച്ചു വളർന്ന അവർ കൂർത്ത നഖങ്ങൾ (യന്ത്രങ്ങൾ:- ജെ.സി.ബി,മണ്ണുമാന്തി) മുതലായവ കൊണ്ട് അമ്മയെ പിച്ചിചീന്തി ചോരവാർന്ന് കുടിച്ച് ഉന്മതരാകുന്നു. അമ്മയുടെ കൈകാലുകളിലെ വിരലുകൾ (മരങ്ങൾ) മുറിച്ച് അവർ അമ്മയെ ഇല്ലാതാക്കുന്നു. അമ്മയുടെ പ്രതീകമായിരുന്ന ഗംഗയും യമുനയുമൊക്കെ വിഷമലിനമാക്കി. അമ്മയുടെ കിരീടമായ ഹിമവാന്റെ മറവിൽ എന്തൊക്കെയാണമ്മേ അരങ്ങേറുന്നത്. അമ്മയുടെ സൗന്ദര്യത്തിന്റെ പ്രതീകമായിരുന്ന കാശ്മീരിലെ കാറ്റിന് പോലും ഉണങ്ങാത്ത ചോരക്കറയുടെ ഗന്ധം. എന്തൊരുദുർവിധിയാണിത്?

ഓരോ ദുരന്തങ്ങളും നമ്മോട് പറയുന്ന ക്രൂരതകൾ അരുതെന്ന്, അമ്മയെ ഇല്ലാതാക്കരുതെന്ന്,അമ്മയെ പണയം വയ്ക്കരുതെന്ന്. പക്ഷേ അവരുടെ ബോധവും ഇല്ലാതായോ?

എന്നിരുന്നാൽക്കൂടി എവിടെനിന്നൊക്കെയോ പ്രകാശത്തിന്റെ പൊൻ കിരണങ്ങൾ തിളങ്ങുന്നുണ്ട്. ഇപ്പോഴും നന്മ മരിക്കാത്ത മനസ്സുകൾ ഉണ്ട്. അവയ്ക്ക് ഏറ്റവും വലിയ ഉദാഹരണമാണ് കേരളത്തെ ഒന്നടങ്കം മുക്കിയ മഹാ പ്രളയത്തിൽ ജാതിമതഭേദമന്യോന്യമില്ലാതെ രക്ഷാദൗത്യത്തിൽ ഏർപ്പെട്ടവർ ,സഹായഹസ്തങ്ങൾ നൽകി വെള്ളത്തിൽ മുങ്ങിക്കിടന്നവരെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തിയവർ,ചുറ്റും വെള്ളത്തിൽ മുങ്ങിക്കിടക്കുമ്പോഴും കുടിവെള്ളമില്ലാതെ വലഞ്ഞവരിലേക്ക് ആഹാരവും ജലവും തുണികളും മരുന്നുകളും മറ്റുമായി പാഞ്ഞെത്തിയ ഊരു പേരും അറിയാത്ത അനേകർ എന്തിനേറെ രക്ഷാദൗത്യത്തിനിടെ ശരീരംചവിട്ടുപടിയാക്കി ആരന്നറിയാത്ത സഹോദരങ്ങളെപ്പോലും രക്ഷിക്കാൻ കാണിച്ച മനസ്സിന് എന്റെ പ്രണാമം! നന്മയുടെ അമൃത് ഊട്ടി വളർത്തിയ അമ്മയ്ക്ക് എന്റെ വന്ദനം.

നിപ്പ മഹാവ്യാധി കേരളത്തെ ഒന്നടങ്കം കീഴടക്കാനായി വന്നപ്പോൾ, പ്രിയന് ആത്മവിശ്വാസം നിറഞ്ഞുനില്ക്കുന്ന ഒരു സ്നേഹക്കുറിപ്പെഴുതി നൽകയിട്ട് തന്റെ പൊന്നോമനകളെ അമ്മയുടെ മടിത്തട്ടിൽ ഏൽപ്പിച്ച് മറ്റുള്ളവർക്കു വേണ്ടി മരണത്തെ സ്വീകരിച്ച് നിശബ്ദം കടന്നുപോയ " ലിനി എന്ന മാലാഖയ്ക്ക് "എന്റെയൊരു കണ്ണീർ പ്രണാമം. അമ്മയുടെ കിരീടത്തിലെ പൊൻതൂവലായി അവൾ എന്നും ശോഭിക്കും.

അമ്മയുടെ യശസ്സ് വാനോളം എത്തിച്ച കുഞ്ചൻ, തുഞ്ചൻ,ആശാൻ തുടങ്ങി അക്ഷരങ്ങളെ പ്രണയിച്ചവർ, മാലോകർക്ക് മധുരം പകരാൻ പാട്ടിന്റെ പാലാഴി തീർത്തവർ, കൂത്തും കൂടിയാട്ടവും തുള്ളലും കഥകളിയുമൊക്കെയായ് അരങ്ങ് വാണവർ, വാഴുന്നോർ, അമ്മയുടെ ജീവിത്തിന്റെ വർണ്ണങ്ങൾ നിറങ്ങളിലൂടെ ചാലിച്ചെഴുതിയവർ, ഇരുൾ നിറഞ്ഞ മനുഷ്യജീവിതത്തിലുള്ളവരെ വെളിച്ചത്തിലേക്ക് നയിച്ച മഹാരഥന്മാർ, അജ്ഞതയാകുന്ന അന്ധകാരം നീക്കി അറിവിന്റെ വെളിച്ചം പകർന്ന ഗുരുക്കന്മാർ,വേദനയിൽനിന്ന് ആശ്വാസത്തിലേക്ക് നമ്മെ നടത്തുന്ന വൈദ്യശാസ്ത്രപ്രതിഭകൾ, മാതൃഭൂമിയുടെ മാനം കാക്കാൻ രാപകലുകളില്ലാതെ പോരാടിയവർ, ഇന്നും കാവൽ നിൽക്കുന്നോർ, അമ്മയുടെ ആത്മാവിനെ ലോകത്തിനു മുന്നിൽ കാണിച്ചുകൊടുത്ത് അവരുടെ ഹർഷാരവങ്ങളാൾ അമ്മയെ പുളകിതയാക്കിയ സ്വാമി വിവേകാനന്ദനെപ്പോലുള്ളവർ, ജീവിതത്തിന്റെ നേർകാഴ്ചകൾ നമ്മിലേക്ക് എത്തിക്കുന്ന മാധ്യപ്രവർത്തകർ തുടങ്ങി അനേകർ. ഈ മക്കളെയെല്ലാം ഓർത്ത് അമ്മയ്ക്ക് അഭിമാനിക്കാം.

ഏറെ നന്ദിയുണ്ടമ്മേ ഇവരെയൊക്കെ എനിക്കായി തന്നതിന്. ഈ ലോകത്തെ കീഴടക്കാനായി കരുതുന്നതിന്, ആത്മവിശ്വാസം തന്നതിന്, എന്നെ പാലൂട്ടിയതിന്, ചോറൂട്ടിയതിന്, ശുദ്ധവായു തന്നതിന്, ശുദ്ധജലം തന്നതിന്,എന്നെ ഞാനാക്കിയതിന്, ഈ കായലും കടലും പുഴയും മലകളും കൊണ്ടെന്റെ മനസ്സ് നിറച്ചതിന്. നന്ദിയുണ്ട്...ഞാൻ അർഹിക്കുന്നതിനേക്കാൾ കൂടുതൽ എനിക്ക് തന്നതിന്.എല്ലാം..... ഒരു ഉറുമ്പിനോളം പോലും ഇല്ലാത്ത എനിക്ക് ഈ ഭൂമിയോളം തന്നതിന്, അല്ല ഈ പ്രപഞ്ചത്തോളം എനിക്ക് തന്നതിന് നന്ദി. അമ്മയ്ക്ക് എന്റെ ശതകോടി പ്രണാമം.

ഞാൻ ഉറപ്പു നൽകുന്നു അമ്മ തെളിയിച്ച വഴികൾ മറക്കില്ലെന്ന്, അമ്മ കൊളുത്തിയ തിരികൾ കെടാതെ കാത്തുസൂക്ഷിക്കുമെന്ന്. ഇനിയൊരു ജന്മമുണ്ടെങ്കിൽ അമ്മയുടെ കുഞ്ഞായി ഈ മണ്ണിൽ പിറക്കുവാൻ എനിക്കു മോഹം.......................



സ്നേഹപൂർവ്വം
സ്വന്തം പുത്രി

**നിരഞ്ജന എസ് സുധീർ,7B**

# കണ്ണീർമഴ പെയ്ത രാവ്

നിലാവുള്ള രാവത്ത്...
ക്ഷണത്തിൽ ചന്ദ്രിക മാഞ്ഞുപോയ്,
താരകമകളോ എങ്ങോ പോയ് മറഞ്ഞു
തമസ്സിന്റെ മായാവലയം ആഗതമായ്...
ജീവന്റെ തുടുപ്പിലൊരംശം ആ രാവിൽ
നഷ്ടമായ് പോയല്ലോ ദൈവമേ...
സ്നേഹത്തിന്റെ മായാപ്രപഞ്ചം
എങ്ങനോ നഷ്ടമായ് പോയ്...
നഷ്ട സ്വർഗത്തെ ഞാൻ വീണ്ടുമോർത്തു.
പിന്നെയാരാവിൽ കണ്ണീർ മഴ പെയ്തു..
ജീവിതത്തിൽ ഒരിക്കലും തോരാത്ത മഴ...
ഞാനോർക്കുന്നു,ഞാൻ ചെയ്ത തെറ്റുകൾ
സ്വയം ഏറ്റെടുത്തെന്നെ സംരക്ഷിച്ച രക്ഷകൻ.
അജ്ഞാനത്തിന്റെ തമസ്സിൽ നിന്ന് എന്നെ
ജ്ഞാനദീപത്തിന്റെ വെളിച്ചത്തിലെത്തിച്ചവൻ.
എൻ കളിത്തോഴനായ് വന്നവൻ എന്നെ
ചിരിപ്പിച്ചവൻ... എന്നെ കളിയാക്കിയവൻ...
എന്നെ ജീവനായ് സ്നേഹിച്ചവൻ...
എന്നെക്കാൾ മുൻപേ എൻ മാതാവിൻ
ഉദരത്തിൽ നിന്നെത്തിയവൻ
ഞാൻ വന്ന നാൾ മുതൽ എനിക്ക് തണലേകിയവൻ
പെട്ടെന്നൊരു രാവിൽ എന്നോടൊരു വാക്കു ചൊല്ലാതെ
എന്നെ തനിച്ചാക്കി എങ്ങോ പോയവൻ
ഞാനെത്ര വിളിച്ചിട്ടും വന്നില്ലവൻ
ഇന്നവൻ തെക്കേമുറ്റത്തെ മണൽക്കുനയിൽ നിദ്രപ്രാപിച്ചല്ലോ...
ഇന്നുമെൻ മനസ്സവനെ തേടുന്നു
ഒരിക്കലും മരിക്കാത്ത ഓർമകൾ
കണ്ണീർ മഴയായ് പെയ്തു...



***അഭിരാമി, 7B***

## വിദ്യാർത്ഥി ജിവിതം

ഒരു രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പത്താണ് അവിടുത്തെ സംസ്കാരസമ്പന്നരായ പൗരന്മാർ.ഇന്നത്തെ വിദ്യാത്ഥിയാണ് നാളത്തെ പൗരൻ. ഒരു മനുഷ്യന്റെ സുവർണ്ണ കാലമാണ് അവന്റെ വിദ്യാർത്ഥി ജീവിതം.വിദ്യാർത്ഥി ജീവിതത്തിൽ അവൻ തന്റെ ശക്തി വികസിപ്പിക്കുന്നു.കുടുംബത്തിനും സമൂഹത്തിനും രാജ്യത്തിനും വേണ്ടി തന്റെ അവകാശങ്ങളെ കുറിച്ചും കടമകളെ കുറിച്ചുമുള്ള അറിവ് നേടുന്നു.

മനുഷ്യജീവിതത്തിൽ വിദ്യാർത്ഥി ജീവിതം ബഹുമൂല്യമാണ്.ആ ജീവിതത്തിൽ അവൻ തന്റെ ഭാവി ജീവിതത്തിനു വേണ്ടി തയ്യാറെടുപ്പ് നടത്തുന്നു.അവന്റെ സ്വഭാവരൂപീകരണത്തിനുള്ള സമയവും അത് തന്നെയാണ്.വിദ്യ അഭ്യസിക്കുന്ന സമയം വിദ്യാർത്ഥി തന്റെ ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും വികസനം സംബന്ധിച്ച വിദ്യ നേടുന്നതിൽ മുഴുകുന്നു.ശാരീരികവികസനത്തീനായി കളികളിലും വ്യാമത്തിലും പങ്കെടുക്കുന്നു. മനസ്സിന്റെയും ശരീരത്തിന്റെയും ആത്മാവിന്റെയും വികസനത്തിനായി വിദ്യാർത്ഥി ജീവിതത്തിൽ അറിവ് സംമ്പാദനത്തോടൊപ്പംതന്നെ എല്ലാകാര്യവും ഏകാഗ്രതയോടെ ചെയ്യുന്നു.

പ്രാചീനകാലത്ത് ഈ അവസ്ഥയിൽ വിദ്യാർത്ഥികളെയും ഗുരുവിന്റെ ആശ്രമങ്ങളിലോ ഗുരു കുലങ്ങളിലോ പഠനത്തിനായി അയച്ചിരുന്നു.അവ നഗരവും അതിന്റെ തിരക്കുകളും ഇല്ലാത്ത ഒരിടമായിരുന്നു.ഗുരു തന്റെ ശിഷ്യന്മാരെ ഈ കാലയളവിൽ പരുവപ്പെടുത്തി സ്വർണ്ണതുല്യമാക്കി മാറ്റിയിരുന്നു.കാലത്തിന്റെ മാറ്റം വിദ്യാർത്ഥിയെ സ്കൂളുകളിലേക്കും കോളേജുകളിലേക്കും അയച്ചു.എന്നാൽ ഇന്നത്തെ വിദ്യാലയങ്ങൾ അച്ചടക്കരഹിതരായ,ലക്ഷ്യരഹിതരായ ഒരു പറ്റം വിദ്യാർത്ഥികളെ രൂപപ്പെടുത്തുന്നു.ഒരു വിദ്യാർത്ഥിയുടെ ലക്ഷ്യം ഈ വിധമാണ്:

കാക്കയുടെ പ്രവൃത്തിയും,കൊക്കിന്റെ ശ്രദ്ധയും,ശ്വാനന്റെ ഉറക്കവും ഒപ്പം തന്നെ അല്പാഹാരിയും ഗൃഹത്യാഗിയും ഇവയാണ് യഥാർത്ഥ അഞ്ചു ലക്ഷണങ്ങൾ.,എന്നുവച്ചാൽ കാക്കയെപ്പോലെ പ്രവർത്തിശീലവും കൊക്കിനെപ്പോലെ ധ്യാനനിരതവും ശ്വാനനെപ്പോലെ അല്പം ഉറങ്ങുന്നവനും എപ്പോഴും ശ്രദ്ധയുള്ളവനും അൽപാഹാരിയും വീടിന്റെ ചിന്തവെടിഞ്ഞ് പഠനം പ്രധാനമായ് കാണുന്നവരുമായിരിക്കണം.വിദ്യ ആഗ്രഹിക്കുന്നവനും.ഒരു ആദർശവാനായ വിദ്യാർത്ഥി തന്റെ ഗുരുവിനെ ആദരിക്കുന്നതിലും ഒപ്പം

പഠനത്തിലും അഭിരുചി കാട്ടുന്നു.അവൻ പരിശ്രമശീലനും സ്വാശ്രയശീലനും ആയിരിക്കും.

വിദ്യാർത്ഥി ജീവിത്തിൽ അവൻ വളരെയേറെ ശ്രദ്ധയോടെ പഠിക്കേണ്ടത് ആവശ്യമാണ്.സമയത്തെ നല്ല കാര്യത്തിലായി വിനിയോഗം ചെയ്യണം ആവശ്യമാണ്.ചീത്ത കൂട്ടുകെട്ടുകളിൽ നിന്ന് മാറി നിൽക്കണം.എന്ത് എന്നാൽ ഈ സമയം ഏതെങ്കിലും ദുർഗുണം ശീലിച്ചുപോയാൽ ജീവിതകാലം മുഴുവനും അത് പിന്തുടരും.നല്ല നല്ല അവസരങ്ങൾ നഷ്ടപ്പെടുകയും ചെയ്യും.ഭാഷ, മതം,ജാതി,സമ്പ്രദായം തുടങ്ങിയ സങ്കീർണ്ണതകൾക്ക് ഉപരിയായ് നല്ല ഒരു പൗരനായിമാറാൻ ശ്രമിക്കേണ്ടതാണ്.ഇടുങ്ങിയ ചിന്താഗതികൾ,അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ എന്നിവ ഉപേക്ഷിക്കണം.എന്നാൽ ഇന്ന് വിദ്യാർത്ഥികൾ രാഷ്ട്രീയത്തിൽ അകപ്പെട്ട് തെറ്റായ ദിശയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. വിദ്യാർത്ഥികൾ ഇതിനെക്കുറിച്ച് വളരെ ശ്രദ്ധ ചെലുത്തേണ്ടത് ആവശ്യമാണ്.ഇന്നത്തെ ചില സിനിമകൾ,ടീവിയിൽ കാണിക്കുന്ന ചില പരിപാടികൾ,ചില പ്രസിദ്ധീകരണങ്ങൾ ഇവ കുട്ടികളിൽ ദുർഭാവനകളും ദുരാശകളും ഉണ്ടാക്കുന്നുണ്ട്.വിദ്യാർത്ഥികൾ തിന്മയെ അവഗണിച്ച് നന്മയെ ഏറ്റുവാങ്ങുന്നവരാകട്ടെ.



**അനഘ ജിത്ത് ,8B**

# കണ്ണുനീർ

മറക്കാനാവില്ല മുത്തേ നിന്നെ,

മരിക്കുവോളം എനിക്ക്,

ഒരു നല്ല സ്നേഹത്തിനായി

ഒരുപാടു സ്വപ്നങ്ങൾ മനസ്സിൽ

ഒരു നാളേക്കായ് കരുതിവച്ചു

ഒരു മാത്ര നിന്നെ കണ്ടതുമുതൽക്കേ

പലതവണ പറയണമെന്നുറച്ചു

പാതി വഴിവച്ചു മടിച്ചുനിന്നു

പരിതപിക്കാൻ ഇടവന്നിടുമോ



***സംവൃത.എസ് 5B***

## മഴ

മാനത്തുഞാൻ മഴയായി
താഴത്തുവന്നപ്പോൾ പുഴയായി
നീ തടഞ്ഞപ്പോൾ ഡാമായി
ഞാൻ ഉറഞ്ഞ തുള്ളിയപ്പോൾ പ്രളയമായി
നീ അതിൽ പ്പെട്ട് തകർന്നുപൊയി
എന്നിട്ടും മനുഷ്യാ നീ പഠിച്ചില്ലല്ലോ
മാനവികതയുടെ പുതിയ പാഠങ്ങൾ

കൊന്നും പരസ്പരം കൊലവിളിച്ചും
നീതേടിയതെന്തെല്ലാം
നിന്റെ തിരികെടാം നേരത്തും
ചുടലക്കളത്തിലും ഞാനെത്തണം
അന്തമോപചാരമായെന്നറിയാത്ത
നീയോ മാനവൻ



***അംബരീഷ്.എസ്.സജീവ്, 5B***

# ഓർമകൾ

ഓർമ്മതൻ പൂങ്കാവനത്തിലിന്ന്
ഏഴുനിറങ്ങൾ തൻ പൂവിരിഞ്ഞു
അഴകേറിടുന്നൊരാ പൂവിലെന്നും
സ്നേഹത്തിൻ മധുമണം നിറഞ്ഞുനിന്നു
പൂക്കളെ തേടിയെത്തിടുന്നൊരാ
പൂമ്പാറ്റകൾക്ക് ഇന്ന് എന്ത് ഭംഗി
ബാല്യകാലത്തിന്റെ ഓർമ്മയുമായി
പാറി പറന്നവ അരികിലെത്തി
കാതിലെന്തോ പറഞ്ഞു പതിയെ
തേൻ മണമൂറുന്ന വാക്കുകളാൽ
കൊണ്ടുപോകാം ഞങ്ങൾ നിന്നെയിന്നാ
ഓർമ്മതൻ പൂങ്കാവനത്തിലേക്ക്
പഴയകാലത്തിന്റെ മാധുര്യവും
പതിയെ നുകർന്നിടാം കൂട്ടുകാരി.



***ബിബിത ടീച്ചർ , UPST***

## ഓണവസന്തം

ഓണമായിക്കഴിഞ്ഞിതു നാട്ടിലും, ഓരോ-
വീട്ടിലുമെത്തിക്കഴിഞ്ഞതു കാൺകയായ്
കർമ്മമാണു ധർമ്മമെന്ന ചിന്തയിൽ കൃഷീവലർ
വേർപ്പൊഴുക്കിയന്തിവരെ, ഓണമൊന്നൊരുക്കുവാൻ
അത്തമെന്നനാളുതൊട്ടൊരുക്കാമായ് മഹാബലി-
ക്കെത്രമോദ, മേകിടുവാൻ, മേന്മയിൽ വരവേൽപ്പുമേ
പുത്തനരിച്ചോറുവച്ചു-വിശിഷ്ടമാം കറികളും
തത്രവേഗമൊരുക്കി,ഭംഗിയായ്,ഗൃഹസ്ഥകൾ
പാടം, പറമ്പുമിട വഴിയൊക്കെത്തൻ
കേളീമൈതാനമൊരുക്കീ ബാലകർ
പൂക്കളം തീർക്കലും, ഊഞ്ഞാലിലാട്ടവും
ബാലികമാർക്കൊരു കേളിയായ്തീരവേ
പുത്തനുടുപ്പും കളിക്കോപ്പുമൊക്കെയും
വർദ്ധിച്ച മോദം വരുത്തുന്ന വസ്തുക്കൾ
ആവകയൊക്കെ പരസ്പരം കാട്ടിയീ-
യോണ ദിനങ്ങളിൽ ബാല്യങ്ങൾ മേവുമ്പോൾ
നമ്മുടെ ഹൃത്തിൽ നിന്നെപ്പോഴുമീയോണ-
പ്പാട്ടും കഥയും മറക്കാതിരിക്കയും
ലോകനന്മയും സമൃദ്ധിയും ലക്ഷ്യമായോണനാളിൽ
മേന്മയൊന്നുകൂടിടട്ടെ, യെന്നുഞാനുമാശിപ്പൂ.



***ബിന്ദു ടീച്ചർ, UPST***

## ആത്മനൊമ്പരം

എല്ലാം ഓർമ്മകൾ മാത്രം
വല്ലാതുള്ള നോവുന്നു.....
എങ്ങോ പോയ് മറഞ്ഞെന്റെ
മിന്നും നഷ്ട സൗഭാഗ്യനാളുകൾ
പൊന്നിൻ മുന്നിലമൂല്യമായ്
വെല്ലും ആത്മ തത്വങ്ങൾ
ഒന്നായ് ചൊല്ലുമെന്നമ്മ
നിൽക്കുന്നുത്തുംഗശൃംഗത്തിൽ
ചൊല്ലാതേറെച്ചോല്ലുകൾ
ചൊല്ലിയും ചൊല്ലാതെ തന്നെയും
വല്ലാതൊരാത്മ ബന്ധത്തെ
തല്ലും തലോടിപ്പകർന്നവർ
എന്നും നന്മ ചൊല്ലുന്നോർ
എന്നിൽ നന്മ കാംഷിച്ചോർ
മുന്നിൽ ദൃഷ്ടാന്തമായവർ
മുന്നം നിൽക്കുന്ന കൺമുൻപിൽ
ധർമ്മാധർമ തത്വങ്ങൾ
ധാരാളമായ് ചർച്ച ചെയ്തവർ
ധർമതത്വമനുഷ്ഠിച്ചു
ധന്യമാക്കിയ ധരാതലം
സർവം സഹിച്ചു നിൽക്കുന്ന
സർവംസഹയാം പ്രകൃതിയേ
സർവരും ചേർന്ന് ഹിംസിപ്പൂ
സർവ നേരവുമിന്നിതാ
കണ്ണീർ വറ്റിയ കണ്ണുകൾ
കരയാതെ കേഴുമെന്നമ്മ
കരയുന്നതെന്നെയോർത്തല്ലോ
കര പറ്റണമെൻമകൻ



***കൽപന ടീച്ചർ, UPST***

## കഥയുടെ കഥ

കഥ പറയുവാനും കഥ കേൾക്കുവാനും ഉള്ള കൗതുകം അനാദി കാലം മുതൽക്കേ മനുഷ്യനുണ്ടായിരിന്നു.തന്റെ അനുഭവങ്ങളും,ഭാവനകളും മറ്റുള്ളവരിലേക്ക് പകരുവാനുള്ള ത്വര കഥ പറയുവാൻ പ്രചോദനമായി.എല്ലാ കഥകളിലും ഏതെങ്കിലും തരത്തിലുള്ള അനുഭവത്തിന്റെയോ, സങ്കൽപ്പത്തിന്റെയോ സാന്നിദ്ധ്യമുണ്ടായിരിക്കും.കഥ ചിരംജീവിയാണ്,സാംസ്കാരിക ഉൽപ്പന്നമാണ്.കഴുത്തിൽ മുട്ടുന്ന വാൾമുനയുടെ നിഴലിൽ നിന്നു കൊണ്ട്,ഒറ്റ രാത്രിയുടെ ആയുസ്സമായി കഥകൾ പറഞ്ഞുതുടങ്ങി-കഥയുടെ രസനിയത കൊണ്ട് ആയിരത്തൊന്ന് രാത്രികൾ കടന്ന് വാളിന്റെ ഉടമയുടെ സ്വന്തമാക്കിയ മന്ത്രികുമാരിയുടെ കഥ, കഥയുടെ ജൈവശക്തിയെയാണ് വ്യക്തമാക്കുന്നത്.

എന്താണ് കഥ?ജീവിതത്തിലെ ഏതെങ്കിലുമൊരു സംഭവത്തെ കെട്ടുറപ്പോടെ പുനരാവിഷകരിച്ചാൽ അതിന് കഥ എന്ന് പറയുന്നു.അത് അനുക്രമമായ ഒരു സംഭവവിവരമാണ്.സംഭവാഖ്യാനത്തിന്റെ ഓരോ ഘട്ടത്തിലും ഇനിയെന്ത്?ഇനിയെന്ത്?എന്ന ഒരു ആകാംക്ഷ കേൾവിക്കാരിൽ ഉവള്ളവാക്കണം.അതിന് പരിഹാരമാകുന്നതോടെ കഥ അവസാനിക്കുന്നു.പൂർവ്വാപരബന്ധവും,തനതായ അർത്ഥവുമുള്ള ഒരു ക്രമീകൃതഘടന കഥയ്ക്കുള്ളിൽ കഥ പറഞ്ഞു നടന്ന സൂതന്മാരും,മാഗധൻമാരും,കഥ പറച്ചിൽ ജീവിതവൃത്തിയാക്കിയ ചാക്യാന്മാരും നമ്മുടെ പാരമ്പര്യത്തിന്റെ ഭാഗമാണ്.അറേബ്യൻ മണൽക്കാട്ടുകൾക്കരികിലെ ചന്തസ്ഥലങ്ങളിൽ തമ്പുകൾ കെട്ടി കഥ പറഞ്ഞിരുന്നവരുടെ മുന്നിലെ ജനക്കിരക്കിനെക്കുറിച്ചും നാം കേട്ടിട്ടുണ്ട്.ഇതെല്ലാം വ്യക്തമാക്കുന്നത് കഥയ്ക്ക് മനുഷ്യനെ ആകർഷിക്കാനുള്ള കഴിവിനെയാണ്.

കഥകൾ പണ്ടുമുതലേ ഉണ്ടായിരുന്നുവെങ്കിലും,'ചെറുകഥ എന്ന സാഹിത്യരൂപം താതമ്യേന പുതിയതാണ്. പഴയകാലത്തെ ചെറിയ കഥയിൽ നിന്നും ഈ നവീനതയിലേക്കുള്ള പ്രയാണം 19-ാം നൂറ്റാണ്ടോടെയാണ് ആരംഭിച്ചത്.

'ഹാത്തോണിന്റെ'കഥകളെ വിമർശിച്ചുകൊണ്ട് 'എഡ്ഗാർ അലൻപോ'രചിച്ച ഉപന്യാസങ്ങളിലൂടെയാണെന്ന് പറയാം.വേദങ്ങളിലും,ഉപനിഷത്തുകളിലും,ബൈബിളിലും മറ്റും ധാരാളം ചെറിയ ചെറിയ കഥകളുണ്ട്.പഞ്ചതന്ത്രം,കഥസരിത് സാഗരം, തുടങ്ങിയകൃതികൾ ചെറിയ കഥകളുടെ സഞ്ചയമാണ്.അറബിക്കഥകൾ,ബൊക്കാച്ചിയുടെ ഡക്കാമറൺകഥകൾ,മാർഗരറ്റ് രാജ്ഞിയുടെ ഹെപ്പറ്റാമറൻ കഥകൾ,ചോസറുടെ കാന്റർബറികഥകളും,എന്നിവയിലെ കഥകളും,ചെറുകഥയുടെ മുന്നോടിയായി ഗണിക്കപ്പെടുന്നു.

പഴയ കഥകൾ പലതും,വായ്മൊഴി വഴക്കത്തിൽപ്പെട്ടവയാണ്.തലമുറകളിൽ നിന്നും തലമുറകളിലേക്ക് കൈമാറിവന്ന അത്തരം കഥകളുടെ കർത്തൃത്വം സാമൂഹികമാണ്.ജിജ്ഞാസ ഉണർത്തുന്ന രീതിയിലില്ല സംഭവവ്യാഖ്യാനങ്ങളാണവ.

ഭാവനാപ്രധാനവും യുക്ത്യധീനവും അത്ഭുതരസദ്യോതകവുമായ അത്തരം കൃതികളുടെ ലക്ഷ്യം കേൾവിക്കാരെ രസിപ്പിക്കുകയോ,ധാർമികബോധം നൽകുകയോ ആണ്

ചെറുകഥ ശ്രദ്ധാപൂർവം രചിക്കുന്ന ആഖ്യാനശിൽപമാണ്. വീക്ഷണസ്ഥാനം,ബിംബവിന്യാസം,ഭാഷാശൈലി തുടങ്ങിയ ഘടകങ്ങളിലൊക്കെ സൂക്ഷമത

പുലർത്തുന്ന രചനയാണ്.യുക്തിക്ക നിരക്കുന്ന ഇതിവൃത്തം,യഥാർത്ഥ മനുഷ്യരുടെ ഛായയും,പ്രകൃകിയുമുള്ള കഥാപാത്രങ്ങൾ,വിശ്വസനീയമായ ജീവിത ചിത്രീകരണം,ഭാവസൂചകമായ ആന്തരസൃഷ്ടി,ധ്വന്യാത്മകമായ ആഖ്യാനം,ഗുണപാഠ പരാമർശത്തെക്കാൾ ജീവിതാവസ്ഥയുടെ അന്തർഭാവത്തെ സ്ഫുരിപ്പിക്കാനുള്ള കഴിവ് തുടങ്ങിയവയൊക്കെ,ചെറുകഥയെ പരമ്പരാഗത കലാരൂപങ്ങളിൽ നിന്നു വ്യതിരിക്തമാകുന്നു.ദൈർഘ്യത്തെപ്പറ്റി പല അഭിപ്രായങ്ങളുമുണ്ട്.ഒറ്റ ഇരുയിരുപ്പിൽ വായിച്ചുതീർക്കാവുന്നത്,അരമണിക്കൂറിൽ വായിച്ചുതീർക്കാവുന്നത്, പതിനായിരം വാക്കിലൊതുങ്ങുന്നത്,ഇരുപതിനായിരംവാക്കിലൊതുങ്ങുന്നത് തുടങ്ങിയവയാണ്.എസ്.കെ.പൊറ്റക്കാടിന്റെ 'പുള്ളിമാൻ' ഏറ്റവും ദൈർഘ്യമുള്ള കഥകളിലൊന്നായി ഗണിക്കുന്നു.ഏഴായിരത്തിൽപരം വാക്കുകൾ അതിലുണ്ട്.കഷ്ടിച്ച് അറുപത് വാക്കിൽ ഒതുങ്ങുന്ന കഥകൾ മാധവിക്കുട്ടി,ഒ.വി.വിജയൻ തുടങ്ങിയവരുടേതാ യുണ്ട്.ഏകാഗ്രതയാണ് ചെറുകഥയുടെ മൗലികഭാവം.

മലയാള ചെറുകഥയുടെ ജാതകം പരിശോധിച്ചാൽ 1891-ൽ വിദ്യാവിനോദിനി മാസികയിൽ പ്രസിദ്ധീകരിച്ചു വന്ന വേങ്ങയിൽ കുഞ്ഞിരാമൻ നായരുടെ 'വാസനാവികൃതി'ആദ്യത്തെ ചെറുകഥയാണെന്ന് കാണാം.ഒരു അപസർപ്പകകൃതിയാണത്.ഇന്ന് ലോകചെറുകഥകളോട് കിടപിടിക്കത്തക്ക രീതിയിൽ മലയാളചെറുകഥ വളർന്ന്.ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ,എം.ആർ.കെ.സി, മൂർത്തോത്ത് കുമാരൻ, കാരൂർ,തകഴി,ദേവ്,എം.ടി, മുകുന്ദൻ,മാധവിക്കുട്ടി,വിജയൻ തുടങ്ങി ഒരുപാട് പ്രതിഭകളിലൂടെ മലയാളചെറുകഥ അതിന്റെ ധന്യമായ അധ്യായം കുറിച്ചു കഴിഞ്ഞു.

ചരിത്രത്തോടും ഭാഷയോടുമുള്ള പ്രതികരണങ്ങളുടെ ഒരു രൂപരേഖയാണ് ചെറുകഥ.ജീവിതത്തിന്റെ ബാഹ്യവും ആന്തരികവുമായ സങ്കീർണ്ണ ചലനങ്ങളുടെ വിശ്ലഥമുദ്രകൾ അവയിലുണ്ടാകും.മറ്റ് സാഹിത്യ രൂപങ്ങളെ അപേക്ഷിച്ച് ഒരുപാട് ആസ്വാദകരുടെ സമ്പന്നത ചെറുകഥയ്ക്കുണ്ടാവാൻ കാരണമാവുമിത്.മാത്രവുമല്ല സമകാലിക സാഹൃതത്തിൽ ഭാവത്തെ നിർണ്ണയിക്കുന്ന ഉത്തരാധുനികതയുടെ പ്രഭാവം കൂടുതൽ പ്രകടമാകുന്നത് ചെറുകഥയിലാണ്.എല്ലാ നിർവ്വചനങ്ങളെയും അതിജീവിച്ചു കൊണ്ട് നിരന്തരം പുതുമയാർജ്ജിച്ചുകൊണ്ടിരിക്കുന്നസാഹിത്യരൂപമാണ് ചെറുകഥ.അതിനാൽ കൃത്രമമായ ലക്ഷണങ്ങൾ കൽപ്പിച്ച് ഇതാണ് ചെറ്കഥ എന്ന് പറയാൻ സാധിക്കില്ല.പുതിയതായി ഉണ്ടാകുന്ന ഓരോ നല്ല കൃതിയും,പുതിയ ലക്ഷണങ്ങളെ അനാവാര്യമാക്കുന്നു.അങ്ങനെ കെട്ടുകഥരളുടെ ഭാവനാലോകത്ത് നിന്ന് യഥാർത്ഥ്യത്തിന്റെ മണ്ണിലേക്ക് ചുവടുവെച്ചു കൊണ്ട് ചെറുകഥ എന്ന സാഹിത്യരൂപം തനതായ വ്യക്തിത്വത്തോടും തലയെടുപ്പോടും കൂടി നിലനിൽക്കുന്നു.



***പി.കെ.സന്തോഷ് ലാൽ, HSA***

# <u>കൊയ്ത്ത്</u>

കൊയ്ത്തിന് പോകാം

നെൽകതിർ കാണാം

പാടത്ത് നിൽക്കുന്ന

നെല്ല് കൊയ്യാം

കാറ്റത്തുലയുന്ന വയലിനെ കാണാൻ

എന്തു ഭംഗി ഇന്നും എന്തു ഭംഗി

നെല്ല് കൊയ്യാം മിതമിതെയ്യാം

നീയും വായോ



***സൂര്യ ജയൻ, 9B***

# സൗഹൃദം

ഒരുമയുടെ നാളുകളിൽ

നാം കണ്ട കിനാവുകൾ

ആ നല്ല നാളിൽ  വരച്ചില്ലേ

പോവുകയാണോ നീ

ആ നല്ല നാളിൽ ഓർമ്മയുമായി

മായുന്ന രാവിൻ ഹൃദയത്തിലെങ്ങോ

ഒരു കൂട് കൂട്ടിയില്ലേ

നാം ഒരു കൂട് കൂട്ടിയില്ലേ....

***ബിപിത കൃഷ്ണൻ, 9B***



# CHILDHOOD, THE SWEETEST SLICE OF LIFE

Childhood ,the sweetest slice
of life fruit
It's a time, when we taste
The life fruit first

The virgin slice of life
which teaches us to enjoy the rare lie fruit
No pain, no sorrows
Only the fuitful memories

It's a slice dipped in love and joy
It's a sweet slice cut from the life fruit
It is plucked with intense pain
from the mother tree

Life fruit, bitter to taste
But sweet and yummy
The virgin slice, childhood
It's juicy with memories

Thank you, Lord, the creator
for gifting me the sweet slice
Life is bitter, I know
But no bitterness in its juicy pulp

In that fruit
Some slices are sour
Some slices are unripe
Some slices are rotten

But life fruit is yummy
Because, you have filled in it
The marvellous essence of
The sweetest slice, childhood

Feels like a lot more'
While eating that slice
The wondrous extract
It helps us to enjoy even the bitter slices

We can enjoy it, the life fruit
Even in the utmost bitterness
Using the golden memories
Because, its sweetness is everlasting

It's my dream
To taste it one more
I want to fly into my past
To bravely welcome the future

I enjoy that sweet slice, childhood
Like a bee, sucking nectar
God, give me back
That juicy slice once more

Childhood, the sweetest slice of life
No pain, no sorrows
Only happiness
Love its everlasting impression



***Gopika Unni, 10B***

# FRIENDS

Friends are the most valuable treasure we get from the god. There are so many people around us. But all of them are not our friends. Those who help us in our dangerous situation are our dear friends. Everyone can be a friend,but only a few one can be a good friend.

We can share our sorrows with them. They always with us to solve them.Angels always act as a pioneer. Hence friends are the angels in our life. Good friends are good gifts. But bad friendship lead us to dangers. They are sweet flowers. We can suck nectar from them. They are beautiful pearls that are so precious. Friendship is the most precious relation in the universe that exists for all time. Let us be a good friend for all.

**Anusree.A, 9B**



# BOOKS

*Books are my best companions*
*It is also like my best friend*
*When I am alone in my room*
*It talks with me*

*When I am in sleep*
*the books are coming*
*in my dream*
*It tells me the story about the world*

*The books take me to its world*
*sometime it is like my father*
*And it teaches like a teacher*

*When I become sad*
*The books make me happy*
*like a companion*
*without books it is impossible*
*To live in this world.*



***Samvrutha S, 5B***

# LOVELY MOM

Oh! my  lovely mom,
how sweet are you,
you are my lightning lamp,
you are my life and joy.

You gave birth to me,
and give mirth to me,
your smile is like a moon light
and it enlightens my days.

You are a part of my soul,
you are my pleasure and full hope,
you are my first and best teacher,
you are the treasure that I got.

Oh! My lovely mom,
your love is like the number of stars,
your life is always shining for me
my life is always debted to you.

***Lekshmi A,9B***



# MY FRIEND

I have a friend a lovely one
I play with her la.. la.. la..
I laugh with her ha..ha..ha..
I dance with her thai thai thai

I share my joys with her
I share my toys with her
I help her in times of mud
we are friends in mud

Together we go to school
Together we go to park
Enjoy slide and swing
Together,together together

She is cute,she is nice
very very nice
I have a friend a pretty one



***Samvrutha S, 5B***

# THE MOON

*The Moon is an astronomical body that orbits planet Earth and is Earth's only permanent natural satellite. It is the fifth-largest natural satellite in the Solar System, and the largest among planetary satellites relative to the size of the planet that it orbits (its primary). The Moon is after Jupiter's satellite Io the second-densest satellite in the Solar System among those whose densities are known.*

*The Moon is thought to have formed about 4.51 billion years ago, not long after Earth. The most widely accepted explanation is that the Moon formed from the debris left over after a giant impact between Earth and a Mars-sized body called Theia.*

*The Moon is in synchronous rotation with Earth, and thus always shows the same side to Earth, the near side. The near side is marked by dark volcanic maria that fill the spaces between the bright ancient crustal highlands and the prominent impact craters. After the Sun, the Moon is the second- brightest regularly visible celestial object in Earth's sky. Its surface is actually dark, althoughcompared to the night sky it appears very bright, with a reflectance just slightly higher than that of worn asphalt. Its gravitational influence produces the ocean tides, body tides, and the slight lengthening of the day.*

*The Moon's average orbital distance is 384,402 km (238,856 mi),[13] [14] or 1.28 light-seconds.This is about thirty times the diameter of Earth. The Moon's apparent size in the sky is almost the same as that of the Sun, since the star is about 400 times the lunar distance and diameter. Therefore, the Moon covers the Sun nearly precisely during a total solar eclipse. This matching of apparent visual size will not continue in the far future because the Moon's distance from Earth is gradually increasing.*

## *FORMATION*

*The Moon formed 4.51 billion years ago, some 60 million years after the origin of the Solar System. Several forming mechanisms have been proposed,including the fission of the Moon from Earth's crust through centrifugal force (which would require too great an initial spin of Earth), the gravitational capture of a pre-formed Moon (which would require an unfeasibly extended atmosphere of Earth to dissipate the energy of the passing Moon), and the co- formation of Earth and the Moon together in the primordial accretion disk (which does not explain the depletion of metals in the Moon). These hypotheses also cannot account for the high angular momentum of the Earth–Moon system.*

## *INDIAN MOON MISSIONS*

*Chandrayaan-2 is scheduled to launch in April 2019[4] and will attempt to soft land a lander and rover in a high plain between two craters, Manzinus C and Simpelius N, at a latitude of about 70°south. If successful, Chandrayaan-2 will be the second*

*mission to land a rover near the lunar south pole.*

*On 12 November 2007, representatives of the Russian Federal Space Agency (Roscosmos) and ISRO signed an agreement for the two agencies to work together on the Chandrayaan-2 project.*

*ISRO would have the prime responsibility for the orbiter and rover, while Roscosmos was to provide the lander.The Indian government approved the mission in a meeting of the Union Cabinet, held on 18 September 2008 and chaired by Prime Minister Manmohan Singh. The design of the spacecraft was completed in August 2009, with scientists of both countries conducting a joint review.*

*Although ISRO finalised the payload for Chandrayaan-2 per schedule, the mission was postponed in January 2013 and rescheduled to 2016 because Russia was unable to develop the lander on time. Roscosmos later withdrew in wake of the failure of the Fobos-Grunt mission to Mars, since the technical aspects connected with the Fobos-Grunt mission were also used in the lunar projects, which needed to be reviewed. When Russia cited its inability to provide the lander even by 2015, India decided to develop the lunar mission independently.*

*The spacecraft's launch had been scheduled for March 2018, but was first delayed to April and then to October to conduct further tests on the vehicle. On 19 June 2018, after the program's fourth Comprehensive Technical Review meeting, a number of changes in configuration and landing sequence were planned for implementation, pushing the scheduled to April 2019.*

*The orbiter will orbit the Moon at an altitude of 100 km (62 mi). The mission will carry five instruments on the orbiter. Three of them are new, while two others are improved versions of those flown on Chandrayaan-1. The approximate launch mass will be 2,379 kg (5,245 lb).The Orbiter High Resolution Camera (OHRC) will conduct high-resolution observations of the landing site prior to separation of the lander from the orbiter. Interfaces between the orbiter and its GSLV Mk II launch vehicle have been finalised.The orbiter's structure was manufactured by Hindustan Aeronautics Limited and delivered to ISRO Satellite Centre on 22 June 2015.*

## ***Vikram***

*The mission's lander is called Vikram, named after Vikram Sarabhai (1919-1971) who is widely regarded as the father of the Indian space programme.The Vikram lander will detach from the orbiter and descend to a lunar orbit of 30 km × 100 km (19 mi × 62 mi) using its 800 N (180 lb f ) liquid main engines. It will then perform a comprehensive check of all its on-board systems before attempting to land on the lunar surface. UnlikeChandrayaan-1's Moon Impact Probe, the Vikram lander will make a soft landing, deploy the rover, and perform some scientific activities for approximately 15 days. The approximate combined mass of the lander and rover is 1,471 kg (3,243 lb).*

*The preliminary configuration study of the lander was completed in 2013 by the Space Applications Centre (SAC) in Ahmedabad.The lander's propulsion system consists of eight 50 N (11 lb f ) thrusters for attitude control and five 800 N (180 lb f ) liquid main engines derived from ISRO's 440 N (99 lb f ) Liquid Apogee Motor. Initially, the lander design employed four main liquid engines, but a centrally mounted engine was added to handle new requirements of having to orbit the Moon before landing. The additional engine is expected to mitigate upward draft of lunar dust during the soft landing.Some associated technologies include a high resolution camera, navigation camera, hazard avoidance camera, an 800 N throttleable liquid main engine and attitude thrusters, altimeter, velocity meter, accelerometer, and the software needed to run these components. The lander's main engine has successfully undergone a high altitude test for a duration of 513 seconds, and closed loop verification tests of the sensors, actuators and software were completed in 2016.*

*Engineering models of the lander began undergoing ground and aerial tests in late October 2016, in Challakere in the Chitradurga district of Karnataka. ISRO created roughly 10 craters on the surfaceto help assess the ability of the lander's sensors to select a landing site.*

*The rover's mass will be about 27 kg (60 lb) and will operate on solar power. The rover will move on 6 wheels on the lunar surface, perform on-site chemical analysis and send the data to the orbiter above, which will relay it to the Earth station.*

*The initial plan was for the rover to be designed in Russia and fabricated in India. However, after Russia proved unable to contribute to the mission, ISRO decided on designing and fabricating the rover itself. IIT Kanpur is developing three subsystems to provide mobility:1. Stereoscopic camera-based 3D vision using two NAVCAMs in front of rover will provide the ground team controlling the rovers a 3D view of the surrounding terrain and help in path planning by generating a digital elevation model of the terrain.*

*2. Kinematic traction control - will enable the rover to negotiate the rough lunar terrain using independent steering provided on four of its wheels.*

*3. Control and motor dynamics - The rover will have six wheels, each driven by an independent electric motor. Four of the wheels will also be capable of independent steering.*

*A total of 10 electric motors will be used for traction and steering.*

*Payload*

*ISRO selected five scientific instruments for the orbiter, four for the lander, and two for the rover.While it was initially reported that NASA and ESA would participate in the mission by providing some scientific instruments for the orbiter,ISRO has later clarified that due to weight restrictions it will not be carrying foreign payloads on this mission.*

*Doodle*

*India's second lunar exploration mission after Chandrayaan-1.Developed by the Indian Space Research Organisation (ISRO), the mission is planned to be launched to the Moon by a Geosynchronous Satellite Launch Vehicle Mark III (GSLV Mk III).*

*The story,formation and mysterious findings are more interesting...*

*Ajesh Jayachandran, IX B* 

# TOP 10 LONGEST RAIL TUNNELS

| SL No | TUNNEL/LOCATION | YEAR COMPLETED | LENGTH | |
|---|---|---|---|---|
| | | | KM | MILES |
| 1 | AlpTransit Gotthard,Switzerland | 2018 | 57.1 | 35.6 |
| 2 | Seikan,Japan | 1988 | 53.9 | 33.6 |
| 3 | Channel Tunnel,France/England | 1994 | 50.5 | 31.5 |
| 4 | Moscow metro(Serpukhovsko Timiryazevskaya),Russia | 2002 | 41.5 | 25.9 |
| 5 | Moscow metro(kaluzhsko Rizhskaya),Russia | 1990 | 37.6 | 23.4 |
| 6 | Lotschberg Base,Switzerland | 2007 | 34.6 | 21.6 |
| 7 | Berlin U-Bahn (U7 Line) | 1984 | 31.8 | 19.8 |
| 8 | Guadarrama,Spain | 2007 | 28.4 | 17.7 |
| 9 | Taihang,China | 2008 | 27.9 | 17.4 |
| 10 | London Underground(East Finchely/Modern,Northen Line),UK | 1939 | 27.8 | 17.3 |

Ajesh Jayachandran, IX B



# I WISH TO FLY

I wish to fly in the air
To sore up the sky without fear
To tear off the snowy clouds
with my warm and little hands
I have to go like a bird
to defeat the highness of cloud
I have to touch the stars
with my warm and little hands
I always wish to fly
I always wishes heights
I have to fly in the air
I have to soar with the air
I doesn't go backwards
I have to move onwards
I have to move with clouds
I have to defeat the clouds
Always look up at heights
To gain something high
To gain the success life
To defeat the hazards of life



*Anju Krishna R, IX B*

## WATER-FOR THE PRESENT AND THE FUTURE

Water is an elixir of life like air ,food and soil. Water is also an essential factor for our survival.No living beings can live without water.Two-third of our earth's surface is covered with water.But fresh water is scarce.Without water our survival in this world is impossible.So water is a precious natural resource which should be used by the present and have to use by the future.

Nowadays water scarcity is a huge problem.Fresh water availability is very low now.It is not because of our to deeds , it is only because of our misuse for greed . Nowadays as a part of development we forgot about our fields, our hills and our lushgreen forests.We gave consideration only to our even needs on the basis of profit or economy.We build houses and other buildings by reclaiming paddy fields,demolished hill sides for soil,practised sand mining in the rivers,practised deforestation etc.Without thinking a bit about our future we does all these for our commercial basis.As a result the agriculture became poor,when natural sinks of water such as paddy feilds and hills were destroyed.Fresh water availability declained.As a result of deforestation rain became scare and it also affected fresh water availability.If the condition go on our earth will itself become a desert.

We have to preserve the beuty of our planet.We have to preserve our preserve our presious natural resoures.We have to preserve or conserve water.Like our united activities destroyed all these .We must to unite for a change also.Our earth is unique.Our life is a unique.Nothing can substitute it.We have to protect and preserve the conserved beauty of our earth.We have to conserve water .We can save water. We can save future.



***Adithya.S.D, 9B***

# RIDDLES

*1. what is common between a family and a church?*
*Ans:Father*

*2.Which driver does not drive a car?*
*Ans:Screw Driver*

*3. Which dress we can't wear?*
*Ans:Address*

*4.Which pet is always found on the floor?*
*Ans:Carpet*

*5.'An unmarried girl is standing down'. How will we say it in English in one word?*
*Ans:Misunderstanding*

*6.One finger that only grow in the ground?*
*Ans:Ladies Finger*

*7.Why do train never run on time?*
*Ans:Because they run on rail*

*8.Why is mathematics unhappy?*
*Ans:Because it is full of problems*

*9.What 4 letters frighten a thief?*
*Ans:OICU {oh I see you}*

*10.What is never used until it is broken?*
*Ans:Egg*

***Ajesh Jayachandran, IX B***

